പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.348 18.10.2016-ൽ മറുപടിയ്ക്ക്

## സ്മൈൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ "സ്മൈൽ " പദ്ധതി പ്രകാരം അനുവദിച്ച തുക ഫലപ്രദമായി വിനിയോഗിച്ചില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം നടപ്പിലാക്കിയ പല പദ്ധതികളും കായിക രംഗത്ത് ഉപകാരപ്രദമായില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | കായികരംഗത്തെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ സ്മൈൽ ഉൾപ്പെടെയുള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കായിക മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ സഹായകമായിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ കായികരംഗത്തെ അടിസ്ഥാനസൗകര്യ വികസനം ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചുവെങ്കിലും കളിയിടങ്ങളുടെ ചുമതല വഹിക്കുന്ന ഏജൻസികൾ അവയുടെ പരിപാലനം യഥാവിധി നടത്താത്തതിനാൽ അവയുടെ സംരക്ഷണത്തെ ബാധിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ചില സ്ഥലങ്ങളിൽ പോരായ്മകൾ സൂചിപ്പിച്ച് പരാതികൾ ഈ വകുപ്പിൽ ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പരിശോധിച്ച് കുറവുകൾ തീർക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെങ്കിലും അഴിമതി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | പദ്ധതി നടത്തിപ്പിൽ നിലവിൽ അഴിമതി കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കായികരംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി മറ്റെന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുവേണ്ടി ആകെ 635 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കി വയ്ക്കുന്നതാണെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

Manoj M

സെക്ഷൻ ഓഫീസർ